(5) മേൽപ്പറഞ്ഞ പ്രോജക്ട് സംസ്ഥാന വനം വകുപ്പ് നടപ്പിൽ വരുത്തണമെന്നും അതിനായി റീഹാബിലിറ്റേഷൻ കമ്മീഷണറായി ഒരു വനംവകുപ്പ് ഉദ്യോഗസ്ഥനെ നിയമിച്ച് പരിഹാര വനവൽക്കരണ തിന് ലഭിക്കുന്ന പ്രദേശം സംരക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ആദിവാസികളുടെ സമഗ്ര പുനരധിവാസവും ഉന്നമനവും റീഹാബിലിറ്റേഷൻ കമ്മീഷണറുടെ പൂമതലയിൽ നടപ്പാക്കേണ്ടതാണ്.

(6) നിലവിലുള്ള കേരള ഭൂമി പതിച്ചുനൽകൽ ചട്ടങ്ങൾ ആദിവാസി കൾക്ക് ഭൂമി പതിച്ചു നൽകാനുള്ള കേന്ദ്ര സർക്കാർ ഉത്തരവിന് ബാധകമാവുകയില്ല.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ

1 [284] ഡോ. തോമസ് ഐസക് :
ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
,, ടി. കെ. ബാലൻ :
,, മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടാം ധനകാര്യ കമ്മീഷനുമായി സംസ്ഥാന സർക്കാർ ചർച്ച നടത്തിയോ;

(ബി) ധനകാര്യ കമ്മീഷന് സമർപ്പിച്ച നിവേദനത്തിൽ എന്തെല്ലാം കാര്യങ്ങൾ പരിഗണിക്കണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാർ സമർപ്പിച്ച നിവേദനത്തിന്റെ കോപ്പി മേശപ്പുറത്തു വയ്ക്കുമോ;

(ഡി) കേന്ദ്ര സഹായം നല്കുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തണമെന്ന് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) കേരളത്തിന്റെ ആവശ്യത്തോട് കമ്മിഷന്റെ നിലപാട് എന്താണെന്ന് അറിയിക്കാമോ; പതിനൊന്നാം ധനകാര്യ കമ്മീഷൻ അവാർഡ് കേരളത്തിന് ഗുണകരമായിരുന്നോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 22-12-2003-ൽ ചർച്ച നടത്തി.

(ബി) ഇൻഡ്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 280 പ്രകാരം കേന്ദ്ര സർക്കാരിൽ നിന്നും സംസ്ഥാനങ്ങൾക്കു നൽകുന്ന വിഭവ വിഭജനം ജനസംഖ്യയ്ക്ക് 80%, നികുതി സമാഹരണ പ്രയത്നത്തിന് 10%, സാമ്പത്തിക തിരുത്തൽ നടപടികൾക്ക് 10% എന്നീ മൂന്നു മാനദണ്ഡങ്ങൾ മാത്രമായിരിക്കണം.

- ആർട്ടിക്കിൾ 275 അനുസരിച്ചുള്ള ധനസഹായത്തിന് ഒരു ത്രിതല പ്രായോഗിക സമീപനം നിർദ്ദേശിച്ചിട്ടുണ്ട്.

1. വിഭവ വിഭജന പ്രക്രിയയ്ക്ക് ശേഷമുള്ള പദ്ധതിയേതര റവന്യൂ കമ്മി നികത്തേണ്ടതാണ്.

2. പദ്ധതി ധനസഹായം പദ്ധതിയേതര റവന്യൂ മിച്ചവും കണക്കിലെടുത്തതിനുശേഷമുള്ള പദ്ധതി റവന്യൂ കമ്മി നികത്തേണ്ടതാണ്.

- സംസ്ഥാനങ്ങൾക്കിടയിലുള്ള പ്രതിശീർഷ മൊത്ത റവന്യൂ കണക്കിലുള്ള മിച്ചം വളരെ വലിയ തലത്തിലാണെങ്കിൽ ഇത്തരത്തിൽ പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ മുതൽ മുടക്കിനുവേണ്ടി മതിയായ റവന്യൂ കണക്കു മിച്ചം ഉറപ്പുവരുത്തുന്നതിലേക്ക് അനുയോജ്യമായ ധനസഹായം ഉൾക്കൊള്ളിക്കുക.

- വരും കാലങ്ങളിലുള്ള പദ്ധതി സഹായം പൂർണ്ണമായും തിരിച്ചടയ്ക്കേണ്ടതല്ലാത്ത ധനസഹായമാക്കണം. കേരളത്തേപ്പോലുള്ള സംസ്ഥാനങ്ങൾ ടി ധനസഹായങ്ങൾ മനുഷ്യ വിഭവശേഷി വികസനത്തിന് ഉപയോഗിച്ചു എന്നതിനാൽ കേന്ദ്രസർക്കാരിൽ നിന്നും നാളിതുവരെയുള്ള മുഴുവൻ കടബാദ്ധ്യതകളും എഴുതിത്തള്ളേണ്ടതാണ്.

- വരും കാലങ്ങളിൽ സംസ്ഥാന പദ്ധതിക്കായി കേന്ദ്രത്തിൽ നിന്നും നൽകുന്ന സഹായത്തിലെ വായ്പായിനവും നേഗോഷ്യേറ്റഡ് വായ്പകളും പൂർണ്ണമായും ഒഴിവാക്കേണ്ടതാണ്. എന്നാൽ പൊതുവിപണിയിൽ നിന്ന് വായ്പയെടുക്കൽ സംവിധാനം വർദ്ധിപ്പിക്കുകയും ഓരോ സംസ്ഥാനത്തിനും ഇതിലേക്കായി പരിധി നിർണ്ണയിക്കുകയും ചെയ്യേണ്ടതാണ്. ഇതുമൂലം കേന്ദ്രത്തിന്റെ പൊതുവിപണിയിൽ നിന്നുള്ള കടമെടുക്കൽ കുറയ്ക്കാൻ കഴിയുന്നതാണ്.

- ദേശീയ സമ്പാദ്യ പദ്ധതി സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളനുസരിച്ച് പുനഃക്രമീകരണം നടത്തേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

- സംസ്ഥാനങ്ങൾക്കുള്ള വിഭവ വിഭജനത്തിനായി നിശ്ചയിക്കുന്ന കേന്ദ്രത്തിന്റെ വിഭജന വിധേയമായ വരുമാനത്തിന്റെ ശതമാനത്തെ കൂടാതെ ഇതിന്റെ 10% അധികഭോഗമായി സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിലൂടെ സ്വയംഭരണ സ്ഥാപനങ്ങൾക്കു നൽകുവനായി മാറ്റി വയ്ക്കേണ്ടതാണ്.

- ദുരിത ലഘൂകരണത്തിനും ദുരിതാശ്വാസ തയ്യാറെടുപ്പിനും സംസ്ഥാനങ്ങൾക്ക് സഹായം നൽകുന്നതിലേക്കായി നാഷണൽ ഡിസാസ്റ്റർ മിറ്റിഗേഷൻ ഫണ്ട് രൂപീകരിക്കേണ്ടതാണ്.

- യാഥാർത്ഥ്യാധിഷ്ഠിതവും ചിട്ടപ്പടിയുമായുള്ള സാമ്പത്തിക പ്രവചനങ്ങളും അനുമാനങ്ങളും നടത്തുന്നതിലേക്ക് വിശ്വസനീയമായ വിവര ശേഖരങ്ങളുടെ ആവശ്യകത മനസ്സിലാക്കുന്നതിനാൽ അടുത്ത ധനകാര്യ കമ്മീഷൻ ബന്ധപ്പെട്ട അടിസ്ഥാന മാനദണ്ഡങ്ങളും വിവരശേഖരവും ലഭ്യമാക്കുന്നതിലേക്കായി ഒരു സ്വതന്ത്ര അധികാര കേന്ദ്രത്തെ ചുമതലപ്പെടുത്തുവാൻ ഈ ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്യണമെന്നും ഇതിനാവശ്യമായ തുകയും സ്ഥാപന സംവിധാനങ്ങളും നിർദ്ദേശിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) വയ്ക്കുന്നു.†

(ഡി) ഉണ്ട്.

(ഇ) പന്ത്രണ്ടാം ധനകാര്യ കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ചാൽ മാത്രമേ കേരളത്തിന്റെ ആവശ്യത്തോട് കമ്മീഷന്റെ നിലപാട് എന്താണെന്ന് അറിയാൻ സാധിക്കുകയുള്ളു. പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് കേരളത്തിന് ഗുണകരമാണെന്ന് പറയാൻ കഴിയില്ല.

## സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക്

2 [285] ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1996 മുതൽ 2003 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയാണ്;

(ബി) ഓരോ വർഷത്തെയും കണക്കുകൾ ലഭ്യമാക്കുമോ;

(സി) 2001-02, 2002-03, 2003-04 വർഷങ്ങളിലെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയാണെന്ന് വിശദമാക്കുമോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly